കേരള സർക്കാർ

# പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(ബി.പി.)287/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:12/03/2019

ജോയിന്റ് ഡയറക്ടർ

.

പ്രസിഡന്റ്
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, എറണാകുളം
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.-ഇകെഎം(ബി.പി.)287/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271

email:-doekm.ksad@kerala.gov.in

തീയതി:12/03/2019

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ
2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 04.11.2017 മുതൽ 27.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ.കെ.ജി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 22.02.2019 മുതൽ 27.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീമതി മിനു.പി.കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീമതി കവിത എസ്.കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സന്തോഷ്കുമാർ.എം. | ഓഡിറ്റർ(ഹ.ഗ്രേഡ്) |

.

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷീന സെബാസ്റ്റ്യൻ | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ.എസ്.ബി.ചന്ദ്രശേഖര വാര്യർ | 1.4.2017 | 31.3.2018 |
| <u>സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്</u> | | | |
| വികസന കാര്യം | ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ ഷിബു മൂലൻ | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി സന്ധ്യ നാരായണ പിള്ള | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. എൻ.ഗോപാലകൃഷ്ണൻ നായർ | 1.4.2017 | 31.05.2017 |
| | ശ്രീ. കെ.കെ.രാജപ്പൻ (ജോയിന്റ് ബി.ഡി.ഒ., ഇൻചാർജ്ജ്) | 01.06.2017 | 12.07.2017 |
| | ശ്രീ. സി.ജി.കമലാകാന്തപൈ | 13.07.2017 | 30.08.2017 |
| | ശ്രീ. കെ.കെ.രാജപ്പൻ (ജോയിന്റ് ബി.ഡി.ഒ., ഇൻചാർജ്ജ്) | 01.09.2017 | 04.10.2017 |
| | ശ്രീമതി.ശ്രീലക്ഷ്മി.ജി. | 05.10.2017 | 31.03.2018 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | ശ്രീമതി സൈജ ജോസ് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെങ്ങമനാട്) | ഡോ.എലിസബത്ത് റ്റി.പി. (സിവിൽ സർജൻ) | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, പുത്തൻവേലിക്കര ) | ഡോ.സജി എം.പി. (സൂപ്രണ്ട്) | 01.04.2017 | 15.08.2017 |
| | ഡോ.സൈന മേരി | 16.08.2017 | 31.03.2018 |
| ശിശു ക്ഷേമ വികസന ഓഫീസർ | ശ്രീമതി രജനി ജി. | 01.04.2017 | 20.10.2017 |
| | ശ്രീമതി ഗായത്രി.എസ്. | 21.10.2017 | 31.03.2018 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സി.പി.അഗസ്റ്റിൻ | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ സാജൻ കെ.റ്റി. | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ വേലായുധൻ.വി.ആർ | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജൂണി ജോസ് റോഡ്രിഗ്സ് | 01.04.2017 | 31.03.2018 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ഇല്ല | |
| | ഭാഗം- 3 | |
| 12 | തുരുത്തിശേരി ലക്ഷം വീട് കോളനി എസ്.സി കമ്മ്യൂണിറ്റി ഹാൾ – പ്രയോജനമില്ലാത്ത ആസ്തി | 3-1 |
| 13 | പുത്തൻവേലിക്കര സി.എച്ച്.സി. | 3-2 |
| 14 | യാത്രാബത്ത അധികമായി നൽകി | 3-3 |
| 15 | പത്രപരസ്യങ്ങൾക്കുള്ള ബില്ലിൽ 15% ഡിസ്കൗണ്ട് ലഭ്യമായില്ല | 3-4 |
| 16 | എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വിതരണം - അപാകതകൾ | 3-5 |
| 17 | തനത് ഫണ്ടിലേക്ക് തുക തിരികെ അടച്ചില്ല | 3-6 |
| 18 | വാഹന പരിപാലനം- മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-7 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 30 | ഐ.എ.വൈ പദ്ധതിയിലെ തുക മുഴുവൻ കൈപ്പറ്റാത്തവർ | അനുബന്ധം.2 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 23.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.18 | 05.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.2018, 06.10.2018 | KSA EKM (BP) 2060/18 തീയതി 11.10.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,04,67,831 |
| വരവ് - | 6,69,22,409 |

| | |
|---|---|
| ആകെ - | 9,73,90,240 |
| ചെലവ് - | 8,15,12,886 |
| നീക്കിയിരിപ്പ്- | 1,58,77,354 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 36614120 | 36614120 | 35065797 | 0 | 1548323 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14957134 | 14957134 | 13825835 | 0 | 1131299 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 76000 | 76000 | 76000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5609084 | 5609084 | 5606311 | 0 | 2773 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 0 | 1929500 | 1929500 | 1901500 | 28000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 3002047 | 4327768 | 7329815 | 6577772 | 752043 | 0 |
| TSC ഇന്ത്യൻ ബാങ്ക് | 472934 | 22338 | 495272 | 126000 | 369272 | 0 |
| സാക്ഷരത | 180275 | 6673 | 186948 | 0 | 186948 | 0 |
| SBI IWMP | 2001574 | 6077765 | 8079339 | 7758975 | 320364 | 0 |
| SBI2 IWMP | 701200 | 497680 | 1198880 | 1194026 | 4854 | 0 |
| IAY Admn. cost | 46872 | 11050 | 57922 | 31644 | 16278 | |
| ഇന്ത്യൻ ബാങ്ക് IAY | 457547 | 5372 | 462919 | 462919 | 0 | 0 |
| ഇന്ത്യൻ ബാങ്ക് SIGN | 8572 | 328 | 8900 | 0 | 8900 | 0 |
| ഇന്ത്യൻ ബാങ്ക് Misc | 5622 | 0 | 5622 | 0 | 5622 | |
| ഇന്ത്യൻ ബാങ്ക് സെൻസസ് | 12077 | 141 | 12218 | 12218 | 0 | |
| ഇന്ത്യൻ ബാങ്ക് Miscellanious | 136429 | 111363 | 247792 | 71040 | 176752 | |
| ഇന്ത്യൻ ബാങ്ക് IAY (SBI) | 87486 | 2512 | 89998 | 72000 | 17998 | |
| ഇന്ത്യൻ ബാങ്ക് നിർമ്മൽ | 274482 | 10490 | 284975 | 0 | 284975 | |

| | | | | | | |
|---|---|---|---|---|---|---|
| IAY ഇന്ത്യൻ ബാങ്ക് | 23080214 | 2234739 | 25314953 | 11616206 | 13698747 | |
| DCB IAY loan | 500 | 0 | 500 | 0 | 500 | |
| MKSP Indian Bank | 0 | 36104 | 36104 | 30000 | 6104 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 113 | 54560972 | 94 | 48967632 | 15 | 4 | 90 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2019 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേദിവസം വരവൊന്നും ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.18 മുതൽ 28.12.18 വരെ | 2017-2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.7.15 മുതൽ 16.7.15 വരെ | 01.7.13 – 30.06.15 | 13.08.15 |

.

## 1-10 അഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ മിനിറ്റ്സ്ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗ തീരുമാനങ്ങളും ചർച്ചകളുടെ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി, ക്ലോസ്സ് ചെയ്തുപോരുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സുകളും നല്ലരീതിയിൽ കൈകാര്യം ചെയ്തുപോരുന്നുണ്ടെങ്കിലും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 26.3.18, 10.4.18 എന്നീ തീയതികളിലെ മിനിറ്റ്സ് അപൂർണ്ണമാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 28.3.17 ലെ മിനിറ്റ്സ് അപൂർണ്ണമാണ്. അപാകതകളില്ലാതെ മിനിറ്റ്സുകൾ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുന്നത്

ഉചിതമായിരിക്കും.

വർക്കിംഗ് ഗ്രൂപ്പ്

പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പല വർക്കിംഗ് ഗ്രൂപ്പുകളും നാമമാത്ര യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ, പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പദ്ധതി മോണിറ്ററിംഗ് സംബന്ധമായ ചർച്ചകൾ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളിൽ നാമമാത്ര പ്രാതിനിധ്യം മാത്രമാണുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിന്റെ പല മിനിറ്റ്സുകളും ക്ലോസ് ചെയ്തിട്ടില്ല.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ക്ലോസ് ചെയ്തിട്ടില്ലാത്ത യോഗ തീയതി |
|---|---|
| കുടിവെള്ളം | 28.2.17 |
| മൃഗസംരക്ഷണം, ക്ഷീരവികസനം | 28.5.17 |
| സാമൂഹ്യനീതി | 18.5.17 |

ദാരിദ്ര്യ ലഘൂകരണം, എന്ന വർക്കിംഗ് ഗ്രൂപ്പ് 2017-18 ൽ യോഗം ചേർന്നിട്ടേയില്ല. വിദ്യാഭ്യാസം, കല, സംസ്കാരം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സിൽ 28.2.17 ൽ ഹാജർമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഗ്രൂപ്പിന്റേത് എന്ന പേരിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ യോഗത്തിൽ ഗ്രൂപ്പ് അംഗങ്ങളുടെ ഹാജർ ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
യോഗ മിനിറ്റ്സുകൾ അപാകതകൾ പരിഹരിച്ച് കൃത്യമായി പരിപാലിക്കേണ്ടതാണ്.

ആസൂത്രണ സമിതി മിനിറ്റ്സ്

ആസൂത്രണ സമിതി യോഗത്തിന്റെ മിനിറ്റ്സിൽ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. 2017-18 ൽ ആകെ രണ്ട് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. അതിൽ 10.2.17-ലെ യോഗത്തിൽ 20 പേരുടെ ഹാജരും 19.12.17 -ലെ യോഗത്തിൽ 15 പേരുടെ ഹാജരും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി യോഗങ്ങൾ ചേരുന്നതിനും, മിനിറ്റ്സുകൾ കൃത്യമായി പരിപാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- ഇല്ല

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തുരുത്തിശേരി ലക്ഷം വീട് കോളനി എസ്.സി കമ്മ്യൂണിറ്റി ഹാൾ - പ്രയോജനമില്ലാത്ത ആസ്തി

നെടുമ്പാശേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന തുരുത്തിശേരി എസ്.സി.കമ്മ്യൂണിറ്റി ഹാളിന്റെ നിർമാണത്തിനും അനുബന്ധ സൗകര്യങ്ങൾക്കും വേണ്ടി 2017-18 വർഷം ബ്ലോക്ക് പഞ്ചായത്ത് മുഖേന താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 72/18 |
| പ്രോജക്ടിന്റെ പേര് | തുരുത്തിശേരി ലക്ഷം വീട് കോളനി എസ്.സി കമ്മ്യൂണിറ്റി ഹാൾ |
| നിർവഹണോദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | 10,13,582 /-<br>എസ്.സി.പി ഫണ്ട് |
| ചെലവ്<br>6,32,750/- | 1) ബിൽ.നം57/17-18,<br>തീയതി 9.2.18<br>തുക- 3,00,000/-<br>2) ബിൽ.നം98/17-18,<br>തീയതി 26.3.18<br>തുക- 2,89,421/-<br>3) ബിൽ.നം104/17-18,<br>തീയതി 28.3.18<br>തുക- 43,329/- |

| | |
|---|---|
| പ്രോജക്ട് നം | 125/18 |
| പ്രോജക്ടിന്റെ പേര് | എസ്.സി. കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 10,00,000 /-<br>എസ്.സി.പി ഫണ്ട് |
| ആകെ ചെലവ് | 10,00,000/-<br>ബിൽ.നം-58/17-18,<br>തീയതി 24.3.18 |
| തുരുത്തിശേരി കമ്മ്യൂണിറ്റി ഹാളിന് വേണ്ടി മാത്രം ചെലവായ തുക<br>(GST ,Transportation charges ഒഴികെ)<br>2,55,502/- | പ്ലാസ്റ്റിക്ക് ചെയർ-82 nos @650 =53300/- |
| | സ്റ്റീൽ ടേബിൾ-22 nos @4800 =105600/- |
| | വുഡൻ ഡയസ് ടേബിൾ-1 nos @23500 =23500/- |
| | കുഷ്യൻ ചെയർ-4 nos @13325 =53300/- |
| | സ്റ്റീൽ അലമാര-2 nos @9901 =19802/- |

കോളനിക്കുള്ളിൽ പൊതുകിണറിന് സമീപം ഇരു നിലകളിലായി 632750/-രൂപ ചെലവഴിച്ച് നിർമിക്കപ്പെട്ട ടി കമ്മ്യൂണിറ്റി ഹാൾ 25.2.19 തീയതിയിൽ നേരിട്ട് സന്ദർശിച്ചതിൽ

താഴെപ്പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം-4/26.2.19 )മറുപടി ലഭ്യമാക്കിയില്ല.

1. കോളനിവാസികൾ കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്ന പൊതുകിണറിന് സമീപം ഇപ്രകാരമൊരു ഹാൾ നിർമിക്കണമെന്ന് അവർ ആവശ്യപ്പെട്ടത് വ്യക്തമാക്കുന്ന ഗ്രാമസഭ തീരുമാനം, എസ്.സി പ്രൊമോട്ടറുടെയും വാർഡ് മെമ്പറുടേയും ശുപാർശ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും നെടുമ്പാശേരി പഞ്ചായത്ത് കമ്മിറ്റിയുടേയും തീരുമാനം എന്നിവ ലഭ്യമാക്കിയില്ല.

2.വെള്ളം, വൈദ്യുതി, ടോയ്ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും സജ്ജമാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ ഫർണിച്ചർ ഉൾക്കൊള്ളുവാനുള്ള സ്ഥലസൗകര്യം ടി ഹാളിൽ ഉണ്ടോയെന്ന് വിലയിരുത്താതെയാണ് 255502/-രൂപ ചെലവഴിച്ച് 82 പ്ലാസ്റ്റിക് ചെയർ, 22 സ്റ്റീൽ ടേബിൾ, 1 വുഡൻ ഡയസ് ടേബിൾ, 4 കുഷ്യൻ ചെയർ, 2 സ്റ്റീൽ അലമാര എന്നിങ്ങനെ വിപുലമായ രീതിയിൽ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വാങ്ങിയ ഫർണിച്ചറുകൾ നിലവിൽ വെറുതെ കൂട്ടിയിട്ടിരിക്കുന്നതായും കാണുവാൻ കഴിഞ്ഞു.



3. ഈ കമ്മ്യൂണിറ്റ് ഹാൾ 30.05.2018 ൽ ഉദ്ഘാടനം നടത്തിയെങ്കിലും നാളിതുവരെ പരിസരവാസികളായ പട്ടികജാതി കുടുംബാംഗങ്ങൾക്ക് യാതൊരു പരിപാടിക്കും വിട്ടുനൽകിയിട്ടില്ല എന്നും, 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിന്റെ അവസരത്തിൽ പരിസരവാസികൾ ആവശ്യപ്പെട്ടിട്ടുപോലും ഹാൾ അവർക്കുവേണ്ടി തുറന്നു നൽകിയില്ല എന്നുമുള്ള വിവരങ്ങൾ ഭൗതിക പരിശോധനാ വേളയിൽ പരിസരവാസികളായ പട്ടികജാതി കുടുംബാംഗങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തി.

ഇങ്ങനെ യാതൊരു ആസൂത്രണവും ഇല്ലാതെ കമ്മ്യൂണിറ്റി ഹാളെന്നപേരിൽ പദ്ധതിപ്പണം ചെലവഴിച്ചത് ആശാസ്യമല്ല. കൂടാതെ വളരെയധികം സ്ഥലപരിമിതിയുള്ള ഒരിടത്ത്, ഒരു

വാഹനം കടക്കാൻ പര്യാപ്തമായ വഴി സൗകര്യം പോലുമില്ലാത്തിടത്താണ് ഹാൾ പണിതിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ നടത്തിയതുമൂലം പൊതുകിണറിലെ വെള്ളം നിലവിൽ ഉപയോഗശൂന്യമായ നിലയിലാണ്. തന്മൂലം, കമ്മ്യൂണിറ്റി ഹാളിന് സമീപം പ്രവർത്തിക്കുന്ന അങ്കണവാടിയടക്കം കോളനി നിവാസികൾ ഒട്ടാകെ ശുദ്ധജല ദൗർലഭ്യം മൂലം ദുരിതമനുഭവിക്കുന്ന സ്ഥിതിയിലാണെന്നത് വളരെ ഗുരുതരമായ അവസ്ഥാവിശേഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത്തരം കഷ്ടപ്പാടുകൾക്ക് പോംവഴി കാണുന്നതിന് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികൾ സൃഷ്ടിക്കുന്നതിനുമപ്പുറം സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് അവരുടെ ആവശ്യമറിഞ്ഞ് പ്രോജക്ട് രൂപീകരിക്കേണ്ടതും നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെടുത്താതിരിക്കുന്നതിന് മുൻഗണന നൽകേണ്ടതുമാണ്.

## 3-2 താലൂക്ക് ഹോസ്പിറ്റൽ, പുത്തൻവേലിക്കര - സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല – കിടത്തി ചികിത്സയില്ല.

പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനത്തിനും അനുബന്ധ സൗകര്യങ്ങൾക്കും വേണ്ടി 2017-18 വർഷം വിവിധ പ്രോജക്ടുകളിലായി ബ്ലോക്ക് പഞ്ചായത്ത് താഴെപ്പറയും പ്രകാരം 16,26,325/- രൂപ ചെലവഴിച്ചിട്ടുണ്ട്.

I

| | |
|---|---|
| പ്രോജക്ട് നം | 39/18 |
| പ്രോജക്ടിന്റെ പേര് | പുത്തൻവേലിക്കര സി.എച്ച്.സി |
| നിർവഹണോദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | 8,78,477 /-<br>സംരക്ഷണഗ്രാന്റ് റോഡിതരം |
| ചെലവ് | 6,77,933/-<br>1) ബിൽ.നം 17/17-18,<br>തീയതി 24.6.17<br>തുക- 117198/-<br>2) ബിൽ.നം 32/17-18,<br>തീയതി 30.11.17<br>തുക- 63038/-<br>3) ബിൽ.നം 62/17-18,<br>തീയതി 22.2.18<br>തുക- 491528/- |

II

| | |
|---|---|
| പ്രോജക്ട് നം | 79/18 |
| പ്രോജക്ടിന്റെ പേര് | പുത്തൻവേലിക്കര ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ചെങ്ങമനാട് സി.എച്ച്.സി |
| അടങ്കൽ | 5,00,000 /-<br>സംരക്ഷണഗ്രാന്റ് റോഡിതരം |

| | |
|---|---|
| ആകെ ചെലവ് | 5,00,000/-<br>1.ബിൽ.നം-4/17-18,<br>പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനത്തിനും അനുബന്ധ സൗകര്യങ്ങൾക്കും വേണ്ടി 2017-18 വർഷം വിവിധ പ്രോജക്ടുകളിലായി ബ്ലോക്ക് പഞ്ചായത്ത് താഴെപ്പറയും പ്രകാരം 16,26,325/- തുക ചെലവഴിച്ചിട്ടുണ്ട്.<br>തീയതി 16.12.17<br>26873/-<br>2.ബിൽ.നം-7/17-18,<br>തീയതി<br>24.3.18<br>443590/-<br>3.ബിൽ.നം-13/17-18, തീയതി<br>29.1.18<br>29537/- |

III

| | |
|---|---|
| പ്രോജക്റ്റ് നം | 124/18 |
| പ്രോജക്ടിന്റെ പേര് | പുത്തൻവേലിക്കര ആശുപത്രിയിലേക്ക് ഡെന്റൽ ചെയറും ഇൻവെർട്ടറും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ചെങ്ങമനാട് സി.എച്ച്.സി |
| അടങ്കൽ | 4,50,000 /-<br>വികസനഗ്രാന്റ് |
| ചെലവ് | 4,48,392/-<br>1.ബിൽ.നം-21/17-18,<br>തീയതി 9.3.18<br>51000/-<br>2.ബിൽ.നം-22/17-18,<br>തീയതി<br>20.3.18<br>49995/-<br>3.ബിൽ.നം-25/17-18, തീയതി<br>26.3.18<br>347397/- |

കാർഷിക ഗ്രാമമായ പുത്തൻവേലിക്കരയിലെ ജനങ്ങൾക്ക് കിടത്തി ചികിത്സക്ക് ആശ്രയമാകേണ്ട ആരോഗ്യ കേന്ദ്രമാണ് പുത്തൻവേലിക്കര താലൂക്ക് ഹോസ്പിറ്റൽ. വളരെ വിശാലമായ കെട്ടിട - സ്ഥല സൗകര്യങ്ങളുണ്ടായിട്ടും ഈ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന കിടത്തി ചികിത്സ പോലും പുനരാരംഭിക്കാത്തത് ഗുരുതരമായ അലംഭാവമാണ്. സ്ഥാപനത്തിന്റെ പുരോഗതി പേരിൽ മാത്രമാണ് ഉണ്ടായിരിക്കുന്നത്. സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിന്നും താലൂക്ക് ആശുപത്രിയായി ഉയർന്ന ആരോഗ്യ കേന്ദ്രത്തിൽ നിലവിലുണ്ടായിരുന്ന പല ചികിത്സാ സൗകര്യങ്ങളും ഇപ്പോൾ ഇവിടത്തെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. കിടത്തി ചികിത്സകൂ പുറമെ ഓപ്പറേഷൻ തിയറ്റർ, മോർച്ചറി, പ്രസവചികിത്സ എന്നിവക്കെല്ലാം സൗകര്യമുണ്ടായിരുന്ന

ആശുപത്രിയിൽ നിലവിൽ ഒ.പി. വിഭാഗം മാത്രമാണ് പ്രവർത്തിക്കുന്നത്. അതും നാമമാത്രമായാണ് പ്രവർത്തിക്കുന്നതെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായി. വർഷങ്ങൾക്ക് മുമ്പേ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടും ഫലപ്രദമായി ഇവ ഉപയോഗപ്രദമാക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇവിടുത്തെ ജനങ്ങൾ കിടത്തി ചികിത്സ, ഓപ്പറേഷൻ, പ്രസവ ചികിത്സ എന്നിവക്കായി സമീപത്തുള്ള സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഓഡിറ്റ് വർഷത്തിൽ 6 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെ 16 ലക്ഷത്തിലധികം രൂപയുടെ വികസന പ്രവൃത്തികളാണ് ഈ ആശുപത്രിയിൽ നടത്തിയിട്ടുള്ളത്. രോഗികളെ കിടത്തുന്നതിന് സൗകര്യപ്രദമായ കെട്ടിടം, കട്ടിൽ, ബെഡ്, ഓഫീസ് സൗകര്യം, നേഴ്സിങ്ങ് റൂം, ഫർണിച്ചർ, ഡോക്ടർമാരുൾപ്പെടെയുള്ള സ്റ്റാഫിനുള്ള ക്വാർട്ടേഴ്സ് എന്നീ സൗകര്യങ്ങളുണ്ടായിട്ടും ഈ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കാത്തത് ഭരണ – ഉദ്യോഗസ്ഥ തലത്തിലുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോളും ഇവ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്. കിടത്തി ചികിത്സ ഉൾപ്പെടെ നിലവിലുണ്ടായിരുന്ന ചികിത്സാ സൗകര്യങ്ങൾ പുനരാരംഭിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് അധികാരികളുടെ ഭാഗത്തുനിന്നും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-3 യാത്രാബത്ത അധികമായി നൽകി

തനതു ഫണ്ട് വൗച്ചർ നം 72/17-18 തീ 31-10-17 (ചെക്ക് നം 2289906) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് 08/2016 മുതൽ 8/2017വരെയുള്ള ഔദ്യോഗിക യാത്രകൾക്കുള്ള യാത്രാബത്ത നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മാസം | യാത്രാബത്ത അനുവദിച്ച ദിവസങ്ങളുടെ എണ്ണം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|
| 1 | 8/16 | 13 | 2600 | 1275 |
| 2 | 9/16 | 11 | 2200 | 1275 |
| 3 | 10/16 | 11 | 2200 | 1275 |
| 4 | 11/16 | 15 | 3000 | 1275 |
| 5 | 12/16 | 9 | 1800 | 1275 |
| 6 | 1/17 | 11 | 2200 | 1275 |
| 7 | 2/17 | 9 | 1800 | 1275 |
| 8 | 3/17 | 16 | 3200 | 1275 |
| 9 | 4/17 | 8 | 1600 | 1275 |
| 10 | 5/17 | 10 | 2000 | 1275 |
| 11 | 6/17 | 9 | 1800 | 1275 |
| 12 | 7/17 | 12 | 2400 | 1275 |
| 13 | 8/17 | 12 | 2400 | 1275 |
| | ആകെ | | 29200 | 16575 |

ജി.ഒ.(പി) 265/2004/ ത സ്വ ഭ വ തീ. 13.8.2004 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികളുടെ യാത്രാബത്ത കേരള സർവീസ് ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു. ഇതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് അനുവദനീയമായ ഗ്രേഡ് I ഓഫീസർമാർക്കുള്ള പ്രതിമാസ /ത്രൈമാസ പരിധിയായ 2550/7650 എന്ന നിബന്ധന പാലിക്കേണ്ടതും സർക്കാർ വാഹനം ഉപയോഗിച്ചുള്ള യാത്രയുടെ കാര്യത്തിൽ പ്രതിമാസ /ത്രൈമാസ പരിധി 50% മായ 1275/3825- ൽ നിജപ്പെടുത്തേണ്ടതുമാണ്. മാസ /ത്രൈമാസ പരിധി നിബന്ധനകൾ പാലിക്കാതെ 12625/- രൂപ (29200-16575)അധികമായി നൽകിയിട്ടുള്ളതാണ്. വിശദീകരമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം.3/26.2.19) മറുപടി നൽകിയില്ല. അധികമായി നൽകിയ 12625/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പത്രപരസ്യങ്ങൾക്കുള്ള ബില്ലിൽ 15% ഡിസ്കൗണ്ട് ലഭ്യമായില്ല

സർക്കാർ ഉത്തരവ് ജി ഒ(ആർ ടി)1/2011/പി& എ ആർ ഡി തീ 4-1-2011 പ്രകാരം സർക്കാർ/ സ്വയം ഭരണ സ്ഥാപനങ്ങളുടെ പത്രപരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദനീയമാണ്. താഴെ ചേർത്ത തനതു ഫണ്ട് ബില്ലുകൾ പ്രകാരം 2017-18 വർഷം ടെണ്ടർ നോട്ടീസുകളുടെ പത്ര പരസ്യത്തിന് 15% ഡിസ്കൗണ്ട് കുറവ് ചെയ്യാതെയുള്ള ബില്ലുകൾക്ക് ആകെ 61720/- രൂപ ചെലവാക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | തനത് ഫണ്ട് ബിൽ നം | അനുവദിച്ച തുക | ജി എസ് ടി ഒഴികെയുള്ള ബിൽ തുക | അനുവദനീയമായ 15% ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 18/17-18 dt 31-5-17 | 4800 | 4800 | 720 |
| 2 | 23/17-18 dt 31-5-17 | 3924 | 3924 | 494 |
| 3 | 48/17-18 dt 1-8-17 | 7020 (3744+3276) | 7020 | 1053 |
| 4 | 69/17-18 dt 26-9-17 | 18349 (7193+4100+ 7056) | 17474 | 2621 |
| 5 | 84/17-18 dt 24-10-17 | 7193 | 6850 | 1027 |
| 6 | 118/17-18 dt17-1-18 | 7193 | 6850 | 1027 |
| 7 | 146/17-18 dt 7-3-18 | 6048 | 5760 | 864 |
| 8 | 153/17-18 dt15-3-18 | 7193 | 6850 | 1027 |
| | ആകെ | 61720 | | 8833 |

ഡിസ്കൗണ്ട് ലഭ്യമാക്കാതെ നല്കിയ ടെണ്ടർ പത്ര പരസ്യങ്ങൾക്ക് 8833/- രൂപ അധികമായി നൽകിയിട്ടുള്ളതാണ് എന്ന് ഇത് വ്യക്തമാക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അധികമായി ചെലവായ 8833/ രൂപ ഇനി വരുന്ന ബില്ലുകളിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 125/18 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി. കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 10,00,000 /-<br>എസ്.സി.പി ഫണ്ട് |
| ചെലവ് | 10,00,000/-<br>ബിൽ.നം-58/17-18, തീയതി 24.3.18 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത് എസ്.സി കമ്മ്യൂണിറ്റി ഹാൾ, നെടുമ്പാശേരി ഗ്രാമ പഞ്ചായത്ത് തുരുത്തുശേരി ലക്ഷം വീട് കമ്മ്യൂണിറ്റി ഹാൾ, പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്ത് അയ്യങ്കാളി കമ്മ്യൂണിറ്റി ഹാൾ, പാറക്കടവ് ഗ്രാമ പഞ്ചായത്ത് കുറമശേരി കമ്മ്യൂണിറ്റി ഹാൾ, എന്നിവിട ങ്ങളിലേക്ക് മേൽ സൂചിത പ്രോജക്ടിൽ പെടുത്തി 2017-18 വർഷം എസ്.സി.പി ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് താഴെപ്പറയും പ്രകാരം ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്. (GSTയും, Transportation chargesയും ഒഴികെയുള്ള വിലയാണ് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്)

| ക്രമ. നം | ഫർണിച്ചർ | ശ്രീമൂല നഗരം എസ്.സി ഹാൾ | നെടുമ്പാ ശേരി തുരുത്തു ശേരി ലക്ഷം വീട് ഹാൾ | പുത്തൻ വേലിക്കര അയ്യങ്കാളി ഹാൾ | പാറക്കടവ് കുറമശേരി ഹാൾ |
|---|---|---|---|---|---|
| 1 | പ്ലാസ്ററിക്ക് (armless) ചെയർ - 409nos@650 =265850/- | 82 | 82 | 164 | 81 |
| 2 | സ്റ്റീൽ ഡൈനിംഗ് ടേബിൾ-55 nos @4800 =264000/- | 11 | 11 | 22 | 11 |
| 3 | വുഡൻഡയസ് ടേബിൾ-4 nos @23500 =94000/- | 1 | 1 | 1 | 1 |
| 4 | Teakwoodകുഷ്യൻ ചെയർ-16 nos @9944 =159104/ | 4 | 4 | 4 | 4 |
| 5 | സ്റ്റീൽ അലമാര- 3 nos@9901 =29703/- | 1 | 2 | - | - |
| 6 | സ്റ്റീൽ റാക്ക് 2 nos,@5066 =10132/- | 2 | - | - | - |

25.2.19, 26.2.19 തീയതികളിൽ മേൽ കമ്മ്യൂണിറ്റി ഹാളുകൾ സന്ദർശിച്ചതിൽ താഴെപ്പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ആയതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം-5/27.2.19 ) മറുപടി നൽകിയില്ല.

1. മേൽപ്പറഞ്ഞവയിൽ കുറമശേരി കമ്മ്യൂണിറ്റി ഹാൾ ഒഴികെയുള്ളവയിൽ വെള്ളം, വൈദ്യുതി,

ടോയ്‌ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൂർണമായി സജ്ജമാക്കാതെയാണ് ഫർണിച്ചർ വാങ്ങിക്കൂട്ടിയതെന്ന് കാണുന്നു. മാത്രമല്ല തുരുത്തുശേരി, അയ്യങ്കാളി ഹാളുകൾ പൊതുകിണറിന് സമീപം നിർമിച്ചിട്ടുള്ളതും വിതരണം ചെയ്യപ്പെട്ട ഫർണിച്ചർ ഉൾക്കൊള്ളുവാനുള്ള സ്ഥലസൗകര്യം ഇല്ലാത്തതുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തുരുത്തുശേരി കമ്മ്യൂണിറ്റി ഹാളിലേക്ക് പ്രവേശിക്കുവാൻ സൗകര്യപ്രദമായ വഴി പോലുമില്ലാത്ത അവസ്ഥയാണുള്ളത്.


പുത്തൻവേലിക്കര അയ്യങ്കാളി ഹാൾ (പൊതുകിണറിന് സമീപം) (ചിത്രം 1)



പുത്തൻവേലിക്കര അയ്യങ്കാളി ഹാളിനകത്ത് തേക്ക് മരത്തിൽ പണിത , ₹9950 വിലവരുന്ന ഡയസ് കുഷ്യൻ ചെയറും (4 എണ്ണം) ₹23500/- വിലവരുന്ന ഡയസ് ടേബിളും (1എണ്ണം) ₹650/- വിലയുള്ള 164 കസേരകളും, ₹4800/-വിലയുള്ള 22 സ്റ്റീൽ മേശകളും ഉൾപ്പെടെ മൊത്തം ₹2,75,476/-വിലയുള്ള ഫർണിച്ചറുകളാണ് ഓഡിറ്റ് വർഷത്തിൽ ലഭ്യമാക്കിട്ടുള്ളത്. അവയിലെ ഡയസ് ടേബിളും ഡയസ് കുഷ്യൻ ചെയറുകളും ഹാളിനകത്ത് തട്ടിൻപുറത്ത് മാറാല മൂടിയ നിലയിൽ (ചിത്രം 2, 3)



(ചിത്രം 2)



(ചിത്രം 3)

.

തുരുത്തുശേരി കമ്മ്യൂണിറ്റിഹാളിലും ഇപ്രകാരം ഫർണിച്ചർ വാങ്ങി ഉപയോഗിക്കാതെ കൂട്ടിയിട്ടിട്ടുണ്ട്. (₹650/- വിലയുള്ള 82 കസേരകളും, ₹4800/-വിലയുള്ള11 സ്റ്റീൽ മേശകളും₹9900/- വിലയുള്ള 2 അലമാരകളും, ₹9950വിലയുള്ള 4ഡയസ് ചെയറുകളും, ₹23500/- വിലയുള്ള 1 ഡയസ് ടേബിളും ഉൾപ്പെടെ മൊത്തം ₹2,55,502/-വിലയുള്ള ഫർണിച്ചറുകളാണ് ഓഡിറ്റ് വർഷത്തിൽ ലഭ്യമാക്കിട്ടുള്ളത്.)

2. വിതരണക്കാരായ KADCO യുടെ ക്വട്ടേഷനിലും (No-KADCO/CRO/S&SS/520/2017, 9.3.18) പഞ്ചായത്തിന്റെ സപ്ലൈ ഓർഡറിലും (No-C/82/17, 14.3.18) ഫർണിച്ചറിലെ ഒന്നാം ഇനമായ പ്ലാസ്റ്റിക് ചെയറിന്റെ സ്പെസിഫിക്കേഷൻ with armഎന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. Plastic Arm Chair ന്റെ വില യൂണിറ്റിന് 650/-രൂപയാണ്. എന്നാൽ കാഡ്കോയുടെ ഇൻവോയ്സ് പ്രകാരം (KADCO/CRO/SALE/2017-18/265, 22.3.18) Plastic Armless Chair ആണ് വിതരണം ചെയ്തിരിക്കുന്നതെന്ന് കാണുന്നു. ആയത് ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുള്ളതുമാണ്. സ്പെസിഫിക്കേഷനിൽ മാറ്റമുണ്ടായിരുന്നിട്ടും Arm chair ന്റെ അതേ വിലയായ 650/-രൂപ Armless Chair നും നൽകിയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ക്വട്ടേഷനിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനിൽ ഉള്ള ഫർണിച്ചർ തന്നെയാണോ ലഭ്യമായതെന്നും, Arm chair, Armless Chair എന്നിവ തമ്മിൽ വിലവ്യത്യാസം ഉണ്ടോയെന്നും പരിശോധിക്കാതെയാണ് ഫർണിച്ചർ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതും, ഇനിയുള്ള വാങ്ങലുകളിൽ ഇത്തരം അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 തനത് ഫണ്ടിലേക്ക് തുക തിരികെ അടച്ചില്ല

വൗച്ചർ നം-2/17-18 തീ 7.4.17 പ്രകാരം 44000/- രൂപ(ചെക്ക് നം 3600883) സംയോജിത നദീതട കമ്മിറ്റി ജീവനക്കാർക്കും വൗച്ചർ നം 3/2017-18 തീ 7.4.17 പ്രകാരം 27832/- രൂപ (ചെക്ക് നം 3600884) സാക്ഷരതാ പ്രേരക് മാർക്കും വേതന ഇനത്തിൽ നൽകുകയുണ്ടയി. ഈ തുകകൾ അതത് പ്രോജക്ടുകളുടെ ഫണ്ട് വരുന്നമുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരികെ അടയ്ക്കണമെന്ന വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ തുക തനത് ഫണ്ടിലേക്ക് തിരികെ അടച്ചതായി

കാണുന്നില്ല.വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 2017-18 വർഷം സംയോജിത നദീതട കമ്മിറ്റി ജീവനക്കാർക്കും സാക്ഷരതാ പ്രേരക് മാർക്കും വേതന ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വാഹന പരിപാലനം-മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

വൗച്ചർ നം 130/17-18 തീ 3-2-18 പ്രകാരം 8300/- രൂപയും(ചെക്ക് നം 2459267)വൗച്ചർ നം 133/2017-18 തീ 12-2-18 പ്രകാരം 8300/- രൂപയും(ചെക്ക് നം 2459270) കൂടി ആകെ 16600/- രൂപ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ വാഹനത്തിന് (വാഹന നം KL 63 4444) ടയർ വാങ്ങുന്നതിനായി ചെലവാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ജി ഒ (എം എസ്)170/2007 തീ. 30.6.2007 പ്രകാരം പതിനായിരം രൂപയ്ക്ക് മേൽ ചെലവു വരുന്ന എല്ലാ സംഗതികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി/കൗൺസിലിന്റെ അംഗീകാരത്തിനവിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെലവ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

മേൽ ഉത്തരവ് പ്രകാരം വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ, ലോഗ് ബുക്ക് കൂടാതെ ഫ്യുവൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിച്ച് മതിയായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. 2017-18 വർഷം നടപ്പിലാക്കിയ വിവിധ റിപ്പയറുകൾ, വാങ്ങലുകൾ എന്നിവ രജിസ്റ്ററുകൾ സൂക്ഷിച്ച് രേഖപ്പെടുത്തിയിട്ടില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വാഹനം റിപ്പയർ ചെയ്യുന്നതിനും വാങ്ങലുകൾക്കും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് .

## 3-8 മരുന്നുകൾ പൂർണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ചെങ്ങമനാട്) നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിക്കായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സിന്റെ (1)1,26,019/- a) PRF-1449/20.10.17, 25269/- b) PRF-1487/21.10.17, 1,00,750/- (2) 3,05,536/- a) PRF-3277/26.12.17, 2,32,934/- b) PRF-836/26.12.17, 72,602/-) അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകുകയാണ് ചെയ്തിട്ടുള്ളത്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രോജക്ട്.നം പേര് | അടങ്കൽ തുക | ചെലവ് | ബിൽ നം തീയതി |
|---|---|---|---|
| 80/18 പാലിയേറ്റീവ് കെയർ സെക്കൻഡ് ഫേസ് | 700000/- വികസന ഫണ്ട് | 6,95,284/- (12ബില്ലുകളിലായാണ് ആകെ ചെലവ് തുക മാറിയിരിക്കുന്നത്. അതിൽ മരുന്നിന് വേണ്ടി ചെലവഴിച്ച തുകയുടെ (126019+305536=431555/-) വിശദാംശങ്ങൾ അടുത്ത കോളത്തിൽ ചേർത്തിരിക്കുന്നു. | 1)126019/- 6/17-18 23.12.17 2)305536/- 16/17-18 14.2.18 |

മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 335086/-രൂപയുടെ മരുന്നുകൾ നാല് പ്രാവശ്യമായി ലഭിച്ചിട്ടുണ്ട്.ബാക്കി 96,469/- (431555-335086) രൂപയുടെ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഒറിജിനൽ ഇൻവോയ്സിനൊപ്പം ആയത് സ്റ്റോക്കിൽ ചേർത്ത് വിവരമറിയിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.അവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ട് | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | 2/18 | പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം | സെക്രട്ടറി | 9,53,000/- (വികസന ഫണ്ട്) | 1)7,53,000/- ബിൽ നം. 16/17-18, 21.10.17 2)2,00,000/- ബിൽ.നം 34/17-18, 15.1.18 |
| 2 | 101/18 | കുരിശുപള്ളി നം 1 LI കനാൽ കുന്നുകര പഞ്ചായത്ത് | " | 5,00,000/- വികസനഫണ്ട്- | 5,00,000/- ബിൽ.നം 19/17-18, 21.10.17 |
| 3 | 128/18 | ലൈഫ് ഭവന നിർമാണപദ്ധതി പൂർത്തീകരണം എസ്.സി കുന്നുകര പഞ്ചായത്ത് ബ്ലോക്ക് വിഹിതം | " | 16,43,616/- എസ്.സി.പി ഫണ്ട്) | 14,57,199/- ബിൽ.നം . 59/17-18, 24.3.18 |
| 4 | 129/18 | ലൈഫ് ഭവന നിർമാണ പദ്ധതിജനറൽ- ശ്രീമൂലനഗരം, കുന്നുകര പഞ്ചായത്ത് ബ്ലോക്ക് വിഹിതം | „ | 25,26,349/- (വികസന ഫണ്ട്) | 20,85,937/- 1)9,00,000/- ബിൽ.നം 57/17-18, 24.3.18 2)11,85,937/- ബിൽ.നം 62/17-18 ,31.3.18 |
| 5 | 119/18 | സാമൂഹ്യസുരക്ഷ മിഷൻ സംഭാവന ബ്ലോക്ക് വിഹിതം | „ | 4,52,000/- (വികസന ഫണ്ട്) | 4,52,000/- ബിൽ നം. 33/17-18 തീ. 15.1.18 |
| 6 | 55/18 | പാലിന് സബ് സിഡി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 9,00,000/- ( വികസന ഫണ്ട്) | 9,00,000/- ബിൽ നം. 1/17-18 24.10.17 |

ബന്ധപ്പെട്ടവരിൽ നിന്ന് മേൽ ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 20,52,579 | ഐ.എ.വൈ | 1,16,04,056 | 1,36,98,747 |
| | | പി.എം.എ.വൈ | | |
| ജില്ല പഞ്ചായത്ത് | 90,000 | പി.എം.എ.വൈ | 90,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ വരവ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ. വായ്പ തിരിച്ചടവ് | ഐ.എ.വൈ.വായ്പ തിരിച്ചടവ് സ.ഉ.(എം.എസ്)90/13 /ത.സ്വ.ഭ.വ. /14.03.2013 | | 66,343 | | 66,343 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66922409 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81512886 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12625 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 12625 | കെ.കെ.രാജപ്പൻ, ബി.ഡി.ഒ. ഇൻ ചാർജ്ജ് |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കെ.രാജപ്പൻ, ബി.ഡി.ഒ. ഇൻ ചാർജ്ജ് | - | കിഴക്കുംകുടി വീട് ശ്രീമൂലനഗരം |

.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ / ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 മുതൽ 2012-13 വരെ | എൽ.എഫ്.ഇ.(ബി.പി.2) 108/2016 തീയതി 4.3.2016 | 1997-98 – 1<br>1999-00 മുതൽ 2001-02 വരെ – 4<br>2005-06 - 1<br>2009-10 - 2<br>2008-09, 2010-11, 2011-12 – 3<br>2012-13 – 3 | അദാലത്ത് റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(ബി.പി.2)533/2016 dtd. 02.04.2016 | 10 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി.2)332/2017 dtd. 03.04.2017/06.05.17 | 10 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(ബി.പി.2)2122/2017 dtd. 15.12.17 | 11 | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(ബി.പി.)287/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com

തീയതി:12/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

:

<u>പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1) ബാലൻസ് ഷീറ്റിൽ ബി-6 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള Liability യുടെ കൃത്യത പരിശോധിക്കാനായില്ല.
2) Bank Accounts STSB -3171 - അക്കൗണ്ടിൽ പാസ്ബുക്കിൽ Credit വന്ന ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 28,000/- രൂപ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയില്ല. കൂടാതെ ഈ അക്കൗണ്ടിൽ നിന്ന് പിൻവലിച്ച 1,26,000/- രൂപയും ബാങ്ക് ബുക്കിൽ വന്നിട്ടില്ല.

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല